**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1554** **16-10-2026-ൽ മറുപടിയ്ക്ക്**

**അർജന്റീന ടീമിനെ കേരളത്തിൽ കൊണ്ട് വരാനുള്ള കരാർ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. ടി. പി. അഷ്‌റഫലി

ശ്രീ. ഒ. ജെ. ജനീഷ്
(കായികം, യുവജനകാര്യം, രജിസ്ട്രേഷൻ,
മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി)

**(എ)** അർജന്റീന ഫുട്ബോൾ അസോസിയേഷന് (എ.എഫ്.എ.) സ്പോൺസർമാർ നൽകിയതായി പറയപ്പെടുന്ന 126 കോടി രൂപയ്ക്ക് ഔദ്യോഗികമായ തെളിവുകൾ ഇല്ല എന്ന് അന്വേഷണ റിപ്പോർട്ട് പ്രകാരം പറയപ്പെടുന്ന ഈ തുക കൈമാറിയതിന്റെ കൃത്യമായ രേഖകൾ ലഭ്യമാക്കാമോ;

**മറുപടി:** തുക കൈമാറിയതിന് സംബന്ധിച്ച ഔദ്യോഗികമായ തെളിവുകളോ രേഖകളോ സർക്കാരിന്റെ പക്കൽ ലഭ്യമല്ല. ഇക്കാരണം കൂടികൊണ്ടാണ് വിശദമായ അന്വേഷണം വേണമെന്ന് കായിക വകുപ്പ് ശിപാർശ ചെയ്തത്.

**(ബി)** ഈ മത്സരത്തിനായി ആകെ കണക്കാക്കിയിരുന്ന ₹250 കോടി ബഡ്ജറ്റ് സമാഹരിക്കാൻ മുൻ സർക്കാർ ഉദ്ദേശിച്ചിരുന്ന വ്യക്തമായ സ്രോതസ്സുകൾ ഏതൊക്കെയായിരുന്നു;

**മറുപടി:** സർക്കാരിൽ ലഭ്യമായ ഡി പി ആർ /ഫിസിബിലിറ്റി രേഖകൾ പ്രകാരം മത്സര നടത്തിപ്പിനായി പ്രതീക്ഷിക്കുന്ന ആകെ ചെലവ് 210 കോടി രൂപയാണെന്നും, മത്സരത്തിൽ നിന്നുള്ള ടിക്കറ്റ് വരുമാനം , പരസ്യപ്രചാരണം ,സംപ്രേഷണ അവകാശം എന്നിവയാണ് വരുമാന ശ്രോതസ്സായി കണക്കാക്കിയിരുന്നത് .

**(സി)** സ്വകാര്യ വ്യക്തികൾക്കോ ചാനലുകൾക്കോ സാമ്പത്തിക ലാഭമുണ്ടാക്കാൻ സർക്കാർ സംവിധാനങ്ങൾ ദുരുപയോഗം ചെയ്തു എന്ന് ഉയരുന്ന ആരോപണങ്ങളിൽ വ്യക്തമായ അന്വേഷണം നടത്താനാകുമോ;

**മറുപടി:** ലയണൽ മെസ്സിയെയും അർജന്റീന ഫുട്ബോൾ ടീമിനെയും കേരളത്തിൽ എത്തിക്കാമെന്ന പേരിൽ നടത്തിയ കോടികളുടെ സാമ്പത്തിക ഇടപാടും ചട്ടലംഘനവും സംബന്ധിച്ച് ഉയർന്നുവന്ന ആക്ഷേപം കായിക വകുപ്പ് സ്പെഷ്യൽ സെക്രട്ടറി അന്വേഷണം നടത്തുകയും അന്വേഷണ റിപ്പോർട്ടിലെ കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഉത്തരവ് GO(Rt) No.2895/2026/Home dated 03.09.2026 പ്രകാരം സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിനെ അന്വേഷണ ഏജൻസിയായി നിയോഗിക്കുകയും ചെയ്തിട്ടുണ്ട്.

**(ഡി)** ഈ ഇവന്റിന്റെ സ്പോൺസർഷിപ്പ് ഒരു സ്വകാര്യ ബ്രോഡ്കാസ്റ്റിംഗ് കമ്പനിക്ക് മാത്രം ഏകപക്ഷീയമായി നൽകി എന്ന് ഉയരുന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അപ്രകാരമായിരുന്നെങ്കിൽ ആയതിനു പിന്നിലെ മാനദണ്ഡം എന്തായിരുന്നു?

**മറുപടി:** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മാനദണ്ഡമെന്താണെന്ന് ബന്ധപ്പെട്ട സർക്കാർ ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല.

**സെക്ഷൻ ഓഫീസർ**